പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3666 10.04.2013-ൽ മറുപടിയ്ക്ക്**

**ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി - എടുത്ത വായ്പയുടെ തിരിച്ചടവ്**

| ചോദ്യം<br>ശ്രീ. ബി. ഡി. ദേവസ്സി | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനായി പഞ്ചായത്തുകൾ, സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പയുടെ പലിശ, വ്യവസ്ഥ പ്രകാരം സർക്കാർ അടയ്ക്കാത്തതുമൂലം പ്രസ്തുത പദ്ധതി അവതാളത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഇ.എം.എസ് ഭവന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പലിശയിനത്തിൽ 31.03.2012 വരെ ബാദ്ധ്യതയായ 17,80,61,876/- (പതിനേഴ് കോടി എൺപത് ലക്ഷത്തി അറുപത്തൊന്നായിരത്തി എണ്ണൂറ്റി എഴുപത്തി ആറ്) രൂപയും ബ്ളോക്ക് പഞ്ചായത്തുകൾക്ക് 31.12.2012 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 5,10,55,488/- (അഞ്ച് കോടി പത്ത് ലക്ഷത്തി അമ്പത്തയ്യായിരത്തി നാനൂറ്റി എൺപത്തി എട്ട്) രൂപയും , ജില്ലാ പഞ്ചായത്ത് തലത്തിൽ 31.12.2012 വരെ ബാദ്ധ്യതയായ 5,63,43,925/- (അഞ്ച് കോടി അറുപത്തി മൂന്നു ലക്ഷത്തി നാൽപത്തി മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തി അഞ്ച്) രൂപയിൽ 4,70,61,179/- (നാല് കോടി എഴുപത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നൂറ്റി എഴുപത്തി ഒൻപത്)രൂപയും മാറി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പലിശ കുടിശ്ശിക അടിയന്തിരമായി അടച്ചുതീർക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് കുറ്റിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും ഇ.എം.എസ്. ഭവനപദ്ധതിയുടെ നടത്തിപ്പിനായി എടുത്ത വായ്പയുടെ പലിശയിനത്തിൽ അടയ്ക്കാനുള്ള കുടിശ്ശിക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 31.03.2012 വരെ പലിശയിനത്തിൽ 10,88,020.70/- രൂപ അടവാക്കേണ്ട സ്ഥാനത്ത് 10,90,930, രൂപ അടവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ